നികുതി കുടിശ്ശിക

32 [344] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002-03, 2003-04 വർഷങ്ങളിൽ വിൽപ്പന നികുതി, എക്സൈസ് നികുതി, കാർഷികാദായ നികുതി എന്നീ ഇനങ്ങളിൽ പിരിക്കാൻ ലക്ഷ്യമിട്ടിരുന്ന തുക എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ പിരിഞ്ഞുകിട്ടിയതും പിരിച്ചെടുക്കാനുള്ളതുമായ തുക സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) ഓരോ വിഭാഗം നികുതിയിനങ്ങളിലും ഒരു ലക്ഷത്തിനുമേൽ കുടിശ്ശിക വരുത്തിയിട്ടുള്ള വ്യക്തികൾ ആരെല്ലാമെന്നും സ്ഥാപനങ്ങൾ ഏതെല്ലാമെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) അഞ്ചു ലക്ഷത്തിനുമേൽ നികുതി കുടിശ്ശികയ്ക്ക് സർക്കാർ സ്റ്റേ നൽകിയിട്ടുണ്ടോ; എങ്കിൽ ആർക്കെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(ഇ) രണ്ടു ലക്ഷത്തിനുമേൽ നികുതി കുടിശ്ശികയ്ക്ക് എത്ര സ്റ്റേ നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2002-03, 2003-04 വർഷങ്ങളിൽ വില്പന നികുതി, കാർഷികാദായ നികുതി ഇനങ്ങളിൽ പിരിക്കാൻ ലക്ഷ്യമിട്ട തുക താഴെ വിവരിക്കുന്നു:

	വിൽപ്പന നികുതി	*കാർഷികാദായ നികുതി*
2002-2003	5400 (കോടി രൂപ)	2.61 (കോടി രൂപ)
2003-2004	6200 (കോടി രൂപ)	4.03 (കോടി രൂപ)

എക്സൈസ് നികുതിയെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) 2002-2003-ൽ വില്പന നികുതിയായി 5380.63 കോടി രൂപയും കാർഷികാദായ നികുതിയായി 6.75 കോടി രൂപയും 2003-2004-ൽ വില്പന നികുതിയായി 6081.13 കോടി രൂപയും, കാർഷികാദായ നികുതിയായി 8.59 കോടി രൂപയും പിരിഞ്ഞുകിട്ടി. 2002-2003 വർഷത്തിൽ പിരിക്കാൻ ലക്ഷ്യമിട്ടിരുന്നതിൽ വിൽപ്പന നികുതി ഇനത്തിൽ 19.37 കോടി രൂപ പിരിച്ചെടുക്കാനുണ്ട്. കാർഷികാദായ നികുതി ഇനത്തിൽ 4.14 കോടി രൂപ കൂടുതൽ പിരിച്ചെടുത്തു. 2003-2004-ൽ പിരിച്ചെടുക്കാൻ ലക്ഷ്യമിട്ടിരുന്നതിൽ വില്പന നികുതിയിനത്തിൽ 118.87 കോടി രൂപ പിരിച്ചെടുക്കാനുണ്ട്. കാർഷികാദായ നികുതി ലക്ഷ്യത്തിനേക്കാൾ 4.56 കോടി രൂപ കൂടുതൽ പിരിച്ചെടുത്തു.

(സി—ഇ) വിവരം ശേഖരിച്ച് മറുപടി നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly